# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :*89 — 25.01.2018-ൽ മറുപടിയ്ക്ക്

## ആരോഗ്യപച്ച അന്യം നിന്നു പോകാതിരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| *89. ശ്രീമതി സി.കെ. ആശ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **ആരോഗ്യപച്ച എന്ന ഔഷധം അന്യം നിന്നു പോകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;** | എ) ആരോഗ്യപ്പച്ച എന്ന ഔഷധ സസ്യം തെക്കൻ കേരളത്തിലെ അഗസ്ത്യമല മേഖലയിൽ മാത്രം കാണപ്പെടുന്ന ഔഷധ സസ്യമാണ്. ഈ ഔഷധ സസ്യം അന്യം നിന്നു പോകാതിരിക്കുന്നതിനായി ഇതിന്റെ ശേഖരണം നിരോധിച്ചിട്ടുണ്ട്. |
| ബി) **ആരോഗ്യപച്ച കൂടുതൽ മേഖലകളിൽ കൃഷി ചെയ്യുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;** | ബി) ആരോഗ്യ പച്ചയുടെ കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും , വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും വനം വകുപ്പിന് പദ്ധതികൾ ഇല്ല. കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. |
| സി) **ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ആരോഗ്യപച്ച കൃഷി ചെയ്യുന്നതിന് അനുമതി നൽകുമോ;** | സി) ആരോഗ്യ പച്ച ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിലോ മറ്റ് സ്വകാര്യ ഭൂമിയിലോ കൃഷി ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമില്ല. |
| ഡി) **അതിന് എന്തൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്?** | ഡി) കൃഷിയ്ക്ക് നിയന്ത്രണങ്ങൾ ഒന്നും കൊണ്ടുവരാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**